# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 343 — 16.12.2014- ലെ മറുപടിക്ക്

**സഹകരണ മേഖലയുടെ സാമൂഹ്യ ബാധ്യതകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, ഇ. പി ജയരാജൻ<br>,, എം. ചന്ദ്രൻ<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയ്ക്ക് അതിന്റെ സാമൂഹ്യബാദ്ധ്യതകൾ നിറവേറ്റുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് സഹകരണ മേഖല അതിന്റെ സാമൂഹ്യ ബാദ്ധ്യതകൾ നിറവേറ്റുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഉൽസവകാലങ്ങളിലും സർക്കാർ നിർദ്ദേശിക്കുന്ന സമയത്തും കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന വിലകയറ്റ വിരുദ്ധ മാർക്കറ്റുകൾ സംഘടിപ്പിക്കാറുണ്ട്.<br>പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന വൃക്ഷ തൈകൾ നടുന്നതിനായി സഹകരണ വകുപ്പ് കർമ്മപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി "സുവർണ്ണ കേരളം" എന്ന പേരിൽ സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>സമസ്ത മേഖലകളിലും പ്രവർത്തിക്കുന്ന വിവിധ വിഭാഗം സഹകരണ സംഘങ്ങളും അംഗങ്ങളുടെ യും പൊതുജനങ്ങളുടെയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ഉയർന്ന വില ലഭിക്കുന്നതിനായി സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങു വിലയ്ക്ക് അനുസൃതമായി നെല്ല് സംഭരണം, കൊപ്ര സംഭരണം, കുരുമുളക് സംഭരണം, റബ്ബർ സംഭരണം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നു.<br>വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് മരണപ്പെടുന്നവരുടെയും, മാരക രോഗം ബാധിച്ചവരുടെയും ഒരു നിശ്ചിത തുക വരെയുള്ള വായ്പാ ബാധ്യത എഴുതിതള്ളുന്നതിനായി റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കി വരുന്നു. |

സഹകരണ ആശുപത്രികൾ മുഖേന മിതമായ നിരക്കിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നു.

കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ സഹകരണ സംഘങ്ങൾ കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ബി) കേന്ദ്ര സർക്കാരിന്റെ നയ സമീപനങ്ങളും നിർദ്ദേശങ്ങളും മൂലം സഹകരണ പ്രസ്ഥാനം വഴി സമൂഹത്തിന് ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തടയപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ത്രിതല വായ്പാ സംഘങ്ങൾ നടത്തിവന്നിരുന്ന ഏതെല്ലാം പ്രവർത്തനങ്ങൾ ഇപ്പോൾ തടയപ്പെട്ടിട്ടുണ്ട് ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ത്രിതല വായ്പാ സഹകരണ സംഘങ്ങൾ നടത്തി വന്നിരുന്ന പ്രവർത്തനങ്ങൾ തടയപ്പെട്ടിട്ടില്ല.

സി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിക്കാതെയുള്ള റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും നിലപാടുകൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) സംസ്ഥാനങ്ങളുടെ പ്രത്യേക സാഹചര്യം പരിഗണിക്കാതെ റിസർവ്വ് ബാങ്ക് നിയോഗിച്ച പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്കനുസൃതമായി ബന്ധപ്പെട്ട സംസ്ഥാന സഹകരണ നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലെ നിക്ഷേപവും, വായ്പയും, ഓഹരി തുകയും ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് മാറ്റാവുന്നതാണെന്ന് 22.7.2013-ൽ നബാർഡ് എക്സിക്യൂട്ടിവ് ഡയറക്ടർ എല്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും നിർദ്ദേശം നൽകിയിരുന്നു.

പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 22.7.2013 ൽ നബാർഡ് നൽകിയ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സ്വീകരിക്കേണ്ടതില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ 3.8.2013-ൽ സംസ്ഥാന സഹകരണ ബാങ്കിനെയും ജില്ലാ സഹകരണ ബാങ്കുകളെയും അറിയിച്ചിരുന്നു. ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിൽ നടപ്പിലാക്കാൻ കഴിയില്ലെന്ന് പരാമർശിച്ച് സഹകരണ വകുപ്പ് മന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയ്ക്കും, കൃഷി വകുപ്പ് മന്ത്രിക്കും കത്ത് നൽകിയിരുന്നു. പ്രകാശ് ബക്ഷി

കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നബാർഡ് പുറപ്പെടുവിച്ച സർക്കുലർ നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതില്ലെന്ന് നബാർഡ് 6.9.2013--ൽ 196/IDD-11/2013-14 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആകയാൽ ടി വിഷയത്തിന് ഇപ്പോൾ പ്രസക്തിയില്ല. പ്രകാശ് ബക്ഷി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ല എന്നതാണ് സർക്കാർ നിലപാട്.

| | |
|---|---|
| ഡി) സ്വകാര്യമേഖലയെ സഹായിക്കുന്ന കാഴ്ചപ്പാടുള്ള അധികാരികളുടെ നിലപാടിന്റെ ഫലമാണ് ഇത്തരത്തിൽ സഹകരണ മേഖലയിൽക്കൂടി സമൂഹത്തിനു ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാതെ വരുന്നതെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ? | (ഡി) സഹകരണ മേഖലയിൽക്കൂടി സമൂഹത്തിനു ലഭ്യമാക്കാൻ കഴിയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതിന് സാധിക്കാതെവരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിലെ സഹകരണ മേഖലയ്ക്ക് അനുയോജ്യമല്ലാത്തതും, സഹകരണ മേഖലയുടെ വളർച്ചയ്ക്കും പുരോഗതിക്കും വിഘാതം സൃഷ്ടിക്കുന്നതുമായ നിർദ്ദേശങ്ങൾ നടപ്പിലാക്കില്ല എന്നതാണ് ഇതു സംബന്ധിച്ച സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ